(സി) 10 വർഷമോ, 10 ലക്ഷം കിലോമീറ്ററോ ആകുന്നതു വരെയാണ് സാധാരണ ഉപയോഗിക്കാറുള്ളത്.

(ഡി) 10 വർഷമോ 10 ലക്ഷം കിലോമീറ്റർ ഓടിയതോ ആയ പഴക്കം ചെന്ന സർവ്വീസിനു യോഗ്യമല്ലാത്ത ബസ്സുകൾ ബന്ധപ്പെട്ട വർക്സ് മാനേജർമാർ, റീജിയണൽ വർക്ക്ഷോപ്പ്/ സെൻട്രൽ വർക്ക്ഷോപ്പ് എന്നിവിടങ്ങളിലേക്ക് പിൻവലിക്കുകയും, കൂടുതൽ പരിശോധനയ്ക്കുശേഷം സർവ്വേ റിപ്പോർട്ട് തയ്യാറാക്കുകയും തുടർന്ന് റീജിയണൽ വർക്ക്ഷോപ്പ് മേധാവിയുടെ ശുപാർശ പ്രകാരം ബസ്സുകൾ സ്ക്രാപ്പ് ചെയ്യാൻ തീരുമാനിക്കുകയും ചെയ്യും. തുടർന്ന് ഒരു കമ്മിറ്റി ഇത് വീണ്ടും പരിശോധിച്ച് വില നിശ്ചയിച്ചതിനുശേഷം വിപുലമായ പരസ്യം ചെയ്യുകയും ടെന്റർ/ലേലം നടത്തി വിൽപന നടത്തുകയും ചെയ്യുന്നു.

എല്ലാ ദിവസവും തൊഴിൽ ലഭ്യമാകത്തക്കവിധം നൂൽ നൽകാൻ നടപടി

*11 [599] *ശ്രീ. സി. മമ്മൂട്ടി:*

„ *സി. ടി. അഹമ്മദ് അലി:*

„ *കെ. എൻ. എ. ഖാദർ:*

„ *സി. മോയിൻകുട്ടി:*

„ *പി. കെ. അബ്ദുറബ്ബ്* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറിക്ക് അനുവദിക്കുന്ന നൂൽ, തൊഴിലാളികൾക്ക് എല്ലാ ദിവസവും തൊഴിൽ ലഭിക്കാൻ പര്യാപ്തമായ തോതിലാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പൂർണ്ണമായ തൊഴിൽ ലഭ്യതയ്ക്ക് പര്യാപ്തമായ തോതിൽ നൂൽ ലഭ്യമാക്കാൻ പരിപാടിയുണ്ടോ;

(സി) ഇത് എന്നത്തേയ്ക്ക് പ്രാവർത്തികമാക്കും എന്ന് പറയാമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി *(ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്)*:

(എ) കൈത്തറി തൊഴിലാളികൾക്കാവശ്യമായ ഹാങ്ക് യാണിന്റെ ദൗർലഭ്യം നിലവിലുള്ളതായി പരാതി ഉണ്ടായിട്ടില്ല.

(ബി) സർക്കാർ അംഗീകൃത ഏജൻസികളും ഹാന്റക്സ് ഹാന്റ് വീവ് കോഴിക്കോട്, എറണാകുളം യാൺ ബാങ്കുകൾ മുഖേനയും സഹകാര്യ കച്ചവടക്കാർ മുഖേനയും നെയ്ത്തു തൊഴിലാളികൾക്ക് ആവശ്യമായ ഹാങ്ക്യാൺ ഇപ്പോൾ ലഭ്യമാക്കി കൊടുക്കുന്നുണ്ട്.

(സി) ചോദ്യമുദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly